പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4967

21-10.2011 ൽ മറുപടിയ്ക്ക്

## ഐ.ടി. മേഖലയിലെ വളർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യത സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര പേർ ഈ മേഖലയിൽ നേരിട്ടും പരോക്ഷമായും പ്രവർത്തിക്കുന്നു എന്നതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. സർക്കാർ ഐ.ടി. പാർക്കുകളായ തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കൊച്ചിയിലെ ഇൻഫോപാർക്ക് ഒന്നും രണ്ടും ഘട്ടങ്ങൾ, ചേർത്തല ഇൻഫോപാർക്ക്, തൃശ്ശൂർ ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളിലായി ഏകദേശം 47,000 പേർ ജോലി ചെയ്തുവരുന്നു. പരോക്ഷമായി ഇതിന്റെ ഏതാണ്ട് രണ്ടുമടങ്ങ് തൊഴിലവസരങ്ങളെങ്കിലും ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| ബി) കേരളത്തിൽ ഐ.ടി. മേഖലയിലെ തൊഴിലുകൾ എന്നു മുതലാണ് ആരംഭിച്ചത് എന്നും അതിന്റെ വളർച്ചയുടെ തോതും വിശദമാക്കുമോ; | ബി) 1994 ൽ ടെക്നോപാർക്ക് പ്രവർത്തനം ആരംഭിച്ചതുമുതലാണ് കേരളത്തിലെ ഐ.ടി. മേഖലയിലെ തൊഴിലുകൾ ആരംഭിക്കുന്നത്. 1995-96 കാലയളവിൽ ഏകദേശം 1000 പേർ ടെക്നോപാർക്കിൽ ജോലി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി ഏകദേശം 47,000 പേർ ജോലി ചെയ്തുവരുന്നു. |
| സി) കേരളത്തിലെ ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങളും ഐ.ടി. മേഖലയിലെ കയറ്റുമതിയും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമോ; | സി) കേരളമുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഐ.ടി. മേഖലയിലെ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ ഈ മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |

| | |
|---|---|
| ഡി) ഐ.ടി. മേഖലയിലെ പുതിയ സാധ്യതകൾ എന്തെല്ലാമാണ്; വരും വർഷങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (ഡി) യും (ഇ) യും<br>ഐ.ടി. ഇതര സേവനങ്ങൾ, ബി.പി.ഒ. തുടങ്ങിയ മേഖലകളിലാണ് പുതിയ സാധ്യതകൾ പ്രതീക്ഷിക്കുന്നത്.<br>തൃശ്ശൂർ ഇൻഫോപാർക്കിൽ 25 ഏക്കർ സ്ഥലത്ത് ഒരു IT Sector Specific SEZ Park കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ഇ) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ; | ഈ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സമഗ്രമായ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്. നിക്ഷേപം, തൊഴിൽ സാധ്യത, കയറ്റുമതി എന്നീ രംഗങ്ങളിലെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. |
| എഫ്) ഐ.ടി. മേഖലയിലെ ശമ്പള ഘടനയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എഫ്) ഐ.ടി. മേഖലയിലെ ശമ്പള ഘടനയെ കുറിച്ച് സർക്കാർ തലത്തിൽ ഇതുവരെ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. |
| ജി) സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ വളർച്ച തൊഴിലവസരങ്ങളെയും സാമ്പത്തിക ഘടനയെയും എപ്രകാരം സ്വാധീനിക്കുന്നു എന്ന് വിശദമാക്കുമോ ? | ജി) ഐ.ടി. മേഖലയുടെ വളർച്ച തൊഴിലവസരങ്ങൾ ഒരുക്കുന്നതിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും സഹായിക്കുന്നു. സാമൂഹിക അസമത്വം ഇല്ലാതാക്കുന്നതിന് ഇത് ഒരു പരിധിവരെ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സംസ്ഥാനം | 2007-08 (രൂപ കോടിയിൽ) | 2008-09 (രൂപ കോടിയിൽ) | 2009-10 (രൂപ കോടിയിൽ) | 2010-11 (രൂപ കോടിയിൽ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| കേരളം | 1201.00 | 1803.00 | 1956.45 | 2071.00 |
| തമിഴ്നാട് | 28295.00 | 28355.58 | 26363.51 | 28289.75 |
| കർണ്ണാടകം | 55000.00 | 70375.00 | 67100.00 | 65423.00 |
| ആന്ധ്രാപ്രദേശ് | 26122.00 | 31039.00 | 27665.85 | 28470.49 |

**(മേൽപ്പറഞ്ഞിരിക്കുന്ന കണക്കുകൾ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് (STP) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന കമ്പനികളുടെ മാത്രം കയറ്റുമതി വരുമാനമാണ്)**

SO